LIBRARY ARCHIVES Kerala Legislative Assembly

ധാതുമണൽ ലേലം

315 (655) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരദേശങ്ങളിൽ എവിടെയെങ്കിലും ധാതുമണൽ, ഉറവു വകുപ്പ് ലേലം ചെയ്തു നൽകിയതായി വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സർക്കാരിന്റെ കാലത്ത് ലേലം ചെയ്തു വിറ്റ ധാതുമണലിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) എത്ര ഘനമീറ്റർ ധാതുമണലാണ് ലേലം ചെയ്തു വിൽക്കുന്നതിനായി കരുതിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(സി) ഏത് നിയമപ്രകാരമായിരുന്നു കരിമണൽ ലേലം നിർത്തി വച്ചതെന്ന് വ്യക്തമാക്കാമോ ; ലേലം റദ്ദാക്കാൻ ഉദ്ദേശമുണ്ടോ, കേരള തീരത്തെ ധാതുമണൽ അത്തരത്തിൽത്തന്നെ പ്രയോജനപ്പെടുത്താൻ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

പാറമടകളുടെ ഖനനാനുമതി

316 (656) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളരിക്കുണ്ട്, ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ ഖനനാനുമതി ഉള്ള പാറമടകളുടെ വിശദാശങ്ങൾ ലഭ്യമാക്കാമോ ;

(ബി) അനുമതിക്ക് വിരുദ്ധമായി പ്രവർത്തിച്ച പാറമടകൾക്കെതിരെ മൈനിംഗ്&ജിയോളജി വകുപ്പ് എടുത്ത നടപടികൾ വിശദമാക്കാമോ ;

(സി) അനുവാദത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണ് എന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-4-2014 മുതൽ 26-11-2014 വരെയുള്ള കാലയളവിൽ വെള്ളരിക്കുണ്ട്, ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ ഖനനാനുമതി നൽകിയ പാറമടകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അനുമതിക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾ ശ്രദ്ധയിൽ പെട്ടാൽ ഖനന പ്രവർത്തനം നിർത്തിവയ്ക്കുകയും 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾപ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഹോസ്ദുർഗ്ഗ് താലൂക്കിൽ അനുമതിക്ക് വിരുദ്ധമായി പ്രവർത്തിച്ച നാല് ക്വാറികളിൽ നിന്നും 63,000- രൂപയും വെള്ളരിക്കുണ്ട് താലൂക്കിൽ അപ്രകാരം പ്രവർത്തിച്ച രണ്ട് ക്വാറികളിൽനിന്നും 12,000- രൂപയും പിഴ ഈടാക്കിയിട്ടുണ്ട്.

(സി) കരിങ്കൽ ഖനനാനുമതിക്കായി ഹോസ്ദുർഗ്ഗ് താലൂക്കിൽ മൊത്തം 22 അപേക്ഷകൾ 1-4-2014 മുതൽ 26-11-2014 വരെയുള്ള കാലയളവിൽ ലഭിച്ചിരുന്നു. 16 ഖനന അപേക്ഷകൾ അനുവദിച്ചു. ശേഷിക്കുന്ന അപേക്ഷകൾ 6 എണ്ണമാണ്. വെള്ളരിക്കുണ്ട് താലൂക്കിൽ ഇതേ കാലയളവിൽ 22 ഖനനാപേക്ഷകൾ ലഭിച്ചതിൽ, 13 എണ്ണം അനുവദിച്ചു. ശേഷിക്കുന്നത് 9 എണ്ണമാണ്. അനുവദിച്ചവയുടെ വിശദാംശങ്ങൾ അനുബന്ധം ഒന്നിലും ശേഷിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടിലും ചേർത്തിരിക്കുന്നു.*

തീരക്കടലിലെ മണൽ നിക്ഷേപ പഠന റിപ്പോർട്ട്

37 (657) ശ്രീ .വി. എസ് സുനിൽ കുമാർ :
ശ്രീ.പി.തിലോത്തമൻ :
ശ്രീ.കെ.അജിത് :
ശ്രീ.ഇ.കെവിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മറൈൻ ജിയോളജിക്കൽ വിങ്ങിന്റെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) തീരക്കടലിലെ മണൽ നിക്ഷേപത്തെക്കുറിച്ച് സംസ്ഥാനം പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) പഠനം നടത്തിയിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.